# കില
## വാർത്താപത്രിക

VOLUME-8
ISSUE-8
AUGUST 2015

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org





വയനാട് ജില്ലയിലെ ആദ്യത്തെ ഐ.എസ്.ഒ പഞ്ചായത്തായ എടവകയുടെ സർട്ടിഫിക്കേഷൻ പ്രഖ്യാപനവും കില തയ്യാറാക്കിയ പട്ടികവർഗ്ഗ ഉപപദ്ധതി രേഖാപ്രകാശനവും എടവക ഗ്രാമപഞ്ചായത്ത് സ്വരാജ് ഹാളിൽ സംസ്ഥാന ആഭ്യന്തരവകുപ്പുമന്ത്രി രമേശ് ചെന്നിത്തല നിർവഹിക്കുന്നു

## തദ്ദേശഭരണം ശക്തിപ്പെടുത്താൻ ഭരണഘടനയും പഞ്ചായത്ത് നിയമവും ഭേദഗതി ചെയ്യണമെന്ന്

തദ്ദേശഭരണം ശക്തിപ്പെടുത്തുന്നതിനു ഭരണഘടനയും കേരള പഞ്ചായത്ത് നിയമവും ഭേദഗതി ചെയ്യേണ്ടിവരുമെന്ന് ഇതുമായി ബന്ധപ്പെട്ട് കിലയിൽ ചേർന്ന രണ്ടുദിവസത്തെ കൂടിയാലോചന ശിൽപ്പശാല നിർദ്ദേശിച്ചു.കിലയുടെ സഹകരണത്തോടെ ചെന്നൈയിൽ പ്രവർത്തിക്കുന്ന ഹ്യൂമൻ റൈറ്റ്സ് അഡ്വകേസി ആന്റ് റിസർച്ച് ഫൗണ്ടേഷ (എച്ച്.ആർ.എഫ്)നും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർട്ടിസിപ്പേറ്ററി പ്രാക്ടീസസും-പ്രാക്സിസ്,ന്യൂദൽഹിയിലെ നാഷ്ണൽ ദലിത് മൂവ്മെന്റ് ഫോർ ജസ്റ്റിസും (എൻ.സി.ഡി.എച്ച്.ആർ) സംയുക്തമായാണ് ശിൽപ്പശാല സംഘടിപ്പിച്ചത്.കേരളത്തിൽനിന്നുള്ള ജില്ലാ-ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും മെമ്പർമാരുമാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. പ്രാക്സിസിന്റെ ചീഫ് എക്സിക്യൂട്ടീവ് ടോം തോമസ് അദ്ധ്യക്ഷനായിരുന്നു. കേരളാ ഹൈക്കോടതിയിലെ അഭിഭാഷകൻ സജീവ് ടി.പ്രഭാകരൻ, എം.പി. പരമേശ്വരൻ, കോസ്റ്റ്ഫോർഡ് ഡയറക്ടർ ചന്ദ്രദത്ത് എച്ച്.ആർ.എഫ് ഡയറക്ടർ ഒ.ഫെർണാണ്ടസ്, തമിഴ്നാട്ടിലെ ലോട്രസ്ററ് ഡയറക്ടർ എ.ഗാന്ധിമതി, കർണാടകയിൽനിന്നുള്ള കെ.കൃഷ്ണവേണി, എൻ.സി.ഡി. എച്ച്.ആർ. പ്രോഗ്രാം ഓഫീസർ കമൽ ചാന്ദ് കിസ്പോട്ട, കോർഡിനേറ്റർ എൻ. ചിത്ര, കില എക്സ്ററൻഷൻ ഫാക്കൽറ്റി കെ.ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.

ജനകീയാസൂത്രണവും രാഷ്ട്രീയ ഇച്ഛാശക്തിയുമാണ് കേരളത്തിൽ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനു പ്രേരകമായ പ്രധാനഘടകങ്ങളെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ഡോ.ബാലൻ പറഞ്ഞു.കഴിഞ്ഞ രണ്ടുപതിറ്റാണ്ടായി കേന്ദ്രത്തിൽ കൂടുതൽ അധികാരങ്ങൾ കേന്ദ്രീകരിച്ചുവരികയാണെന്ന് എം.പി.പരമേശ്വരൻ അഭിപ്രായപ്പെട്ടു.ഭരണഘടനാഭേദഗതി എല്ലാറ്റിനും ഒറ്റമൂലിയാകില്ലെന്നായിരുന്നു ചന്ദ്രദത്തിന്റെ അഭിപ്രായം. തമിഴ്നാട്ടിൽ കലക്ടർ രാജാണെന്നും അവിടെ അധികാരവികേന്ദ്രീകരണമില്ലെന്നും ഒ.ഫെർണാണ്ടസ് പറഞ്ഞു.

നിലവിലുള്ള 29 അധികാരങ്ങളുടെ തുടർ വികേന്ദ്രീകരണം കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്കു ഉറപ്പുവരുത്തുന്നതിനാവശ്യമായ ഭേദഗതികൾ, പട്ടികജാതി-പട്ടികവർഗ-വനിതാസംവരണങ്ങളിലൂടെ അധികാരമേറ്റെടുത്ത പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിനുള്ള ഭേദഗതി തുടങ്ങിയവയെക്കുറിച്ചായിരുന്നു രണ്ടുദിവസത്തെ ചർച്ചകൾ.

2014 ൽ ഡൽഹിയിലും 2015 ൽ ബാംഗ്ലൂരിലും സംഘടിപ്പിച്ച ശിൽപ്പശാലകളുടെ തുടർച്ചയാണ് ഈ ശിൽപ്പശാല.




കിലയിൽ സംഘടിപ്പിച്ച റൈറ്റ്ഷോപ്പ് ശിൽപ്പശാലയിൽ പങ്കെടുത്ത പ്രതിനിധികൾ
മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് സന്ദർശിക്കാനെത്തിയപ്പോൾ

# റൈറ്റ്ഷോപ്പ് പ്രതിനിധികൾ പഞ്ചായത്തുകൾ സന്ദർശിച്ചു

**വി**കേന്ദ്രീകൃതാസൂത്രണത്തിന്റെ കേരള മാതൃക മറ്റു സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച റൈറ്റ്ഷോപ്പ് ശിൽപ്പശാലയിൽ പങ്കെടുത്ത പ്രതിനിധികൾ ജില്ലയിലെ പതിമൂന്ന് പഞ്ചായത്തുകൾ സന്ദർശിച്ച് അവിടത്തെ വികസനപ്രവർത്തനങ്ങൾ വിലയിരുത്തി. സംസ്ഥാനാടിസ്ഥാനത്തിൽ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞാണ് 27 സംസ്ഥാനങ്ങളിൽനിന്നുള്ള പ്രതിനിധികൾ വിവിധ പഞ്ചായത്തുകളിലെത്തിയത്.ജനപ്രതിനിധികളും നിർവഹണ ഉദ്യോഗസ്ഥരുമായി പ്രതിനിധികൾ ചർച്ച നടത്തുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. വിവിധ വികസനമാതൃകകൾ സംഘം നേരിൽ കണ്ടു.

കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ ജോയിന്റ് സെക്രട്ടറി ശാരദാ ജി. മുരളീധരന്റെ നേതൃത്വത്തിലുള്ള പന്ത്രണ്ടംഗ സംഘമാണ് മുണ്ടത്തിക്കോട് പഞ്ചായത്തിൽ പഠനത്തിനെത്തിയത്. പഞ്ചായത്ത് പ്രസിഡന്റ് കെ.അജിത് കുമാറിന്റെ നേതൃത്വത്തിൽ സംഘാംഗങ്ങളെ സ്വീകരിച്ചു. പഞ്ചാബിൽനിന്നും പശ്ചിമബംഗാളിൽനിന്നുമുള്ള പ്രതിനിധികളാണ് അവണൂർ പഞ്ചായത്തിൽ സന്ദർശനത്തിനെത്തിയത്. കേന്ദ്ര പഞ്ചായത്ത് രാജ് അഡീഷ്ണൽ സെക്രട്ടറി രശ്മി ശുക്ല ശർമ്മയുടെ നേതൃത്വത്തിലാണ് സംഘം പഠനത്തിനെത്തിയത്.പഞ്ചായത്ത് പ്രസിഡന്റ് രാജേന്ദ്രൻ അരങ്ങത്തിന്റെ നേതൃത്വത്തിൽ സംഘാംഗങ്ങളെ സ്വീകരിച്ചു.

കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി നീരജ് ശർമ്മ, മന്ത്രാലയം അഡീഷ്ണൽ കമ്മീഷ്ണർ എൻ. സുധാകർ റോ, സുശീൽ കുമാർ മേത്ത, ശ്യാംപോൾ, സുരഭി, ഒ.പി. ശർമ്മ എന്നിവരാണ് അടാട്ട് പഞ്ചായത്തിൽ സന്ദർശനത്തിനെത്തിയത്. അടാട്ട് പഞ്ചായത്തിലെ മാതൃകാപദ്ധതികൾ, വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭകൾ, വികസന സെമിനാറുകൾ എന്നിവയെക്കുറിച്ച് സംഘാംഗങ്ങൾ വിശദമായ പഠനം നടത്തി. പഞ്ചായത്ത് പ്രസിഡന്റ് ടി.ജയലക്ഷ്മി, വൈസ് പ്രസിഡൻറ്, ടി.ആർ .ജയചന്ദ്രൻ, സ്ഥിരം സമിതി അദ്ധ്യക്ഷരായ രേണുക സുരേഷ്, മായ പ്രേമൻ, സ്റ്റെല്ല ജോജോ, മറ്റ് പഞ്ചായത്ത് മെമ്പർമാർ, സെക്രട്ടറി വി. ഭാസുരാംഗൻ, ജൂനിയർ സൂപ്രണ്ട് ശ്രീകുമാരി, ഡോ.അജിത് എന്നിവർ ചേർന്നാണ് സംഘാംഗങ്ങളെ സ്വീകരിച്ചത്.

# നഗരശുചിത്വപരിപാലനം: രണ്ടാംഘട്ട പരിശീലനം തുടങ്ങി

**കേ**ന്ദ്രസർക്കാരും ജിസും(ജർമ്മൻ ഇന്റർ നാഷ്ണൽ കോ-ഓപ്പറേഷൻ) ചേർന്ന് രാജ്യത്ത് നടപ്പിലാക്കിവരുന്ന നഗരശുചിത്വ പരിപാടി (സിറ്റി സാനിറ്റേഷൻ പ്ലാൻ -സി.എസ്.പി)യുടെ രണ്ടാംഘട്ട പരിശീലനം കിലയിൽ തുടങ്ങി.സംസ്ഥാന ശുചിത്വമിഷൻ ഡയറക്ടർ ഡോ. വാസുകി ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. കില പ്രൊഫ. ഡോ. സണ്ണി ജോർജ് അദ്ധ്യക്ഷനായിരുന്നു.ജിസിന്റെ സാങ്കേതിക വിദഗ്ദ്ധ സാറ, ന്യൂഡൽഹിയിലെ സെന്റർ ഫോർ സയൻസ് ആന്റ് എൻവയർമെന്റിലെ (സി.എസ്.ഇ) മുതിർന്ന ശാസ്ത്രജ്ഞൻ ഡോ. സുരേഷ് റോഹില്ല, സാങ്കേതിക വിദഗ്ദ്ധ ഡോ. മെഹറിൻ മേറ്റോ, ഡെപ്യൂട്ടി പ്രോഗ്രാം ഡയറക്ടർ ഡോ.ഉദയ് ,പരിശീലനത്തിന്റെ കോർഡിനേറ്റർ പ്രൊഫ.ടി. രാഘവൻ തുടങ്ങിയവർ സംസാരിച്ചു. പരിശീലനം രണ്ടുദിവസം നീണ്ടുനിന്നു.

തൃശ്ശൂർ കോർപ്പറേഷനുൾപ്പെടെ സംസ്ഥാനത്തെ 14 നഗരസഭകളെയാണ് ശുചിത്വ പരിപാലനപരിപാടിക്കു തെരഞ്ഞെടുത്തിട്ടുള്ളത്. ഈ നഗരസഭകളിലെ ശുചിത്വപരിപാലനം സംബന്ധിച്ച അവസ്ഥാവിശകലനറിപ്പോർട്ടിനെക്കുറിച്ചാണ് ആദ്യദിവസത്തെ ചർച്ച. അടുത്തഘട്ടത്തിലെ പ്രവർത്തനത്തിനും രൂപം നൽകും. തെരഞ്ഞെടുക്കപ്പെട്ട നഗരസഭകൾ ഇവയാണ്. ആറ്റിങ്ങൽ, കരുനാഗപ്പള്ളി, പത്തനംതിട്ട, പാല, മാവേലിക്കര, തൊടുപുഴ, മരട്, തൃശ്ശൂർ കോർപ്പറേഷൻ,ചിറ്റൂർ-തത്തമംഗലം, പൊന്നാനി, കൽപ്പററ, വടകര, കണ്ണൂർ, കാസർകോട്.

സിംല, തരുപ്പതി, നാസിക്ക്, കൊച്ചി, റെയ്പ്പൂർ നഗരങ്ങളിലാണ് ഇപ്പോൾ ഈ പദ്ധതി നിലവിലുള്ളത്. കേന്ദ്ര ഗവർമ്മെണ്ട് പ്രഖ്യാപിച്ചിട്ടുള്ള സ്വച്ച് ഭാരത് മിഷന്റ പശ്ചാത്തലത്തിൽ നഗരശുചിത്വപരിപാടിക്കു പ്രസക്തി വർദ്ധിച്ചു. നഗരത്തിന്റെ വികസനം മുന്നിൽകണ്ട് ഭാവിയിലുണ്ടായേക്കാവുന്ന മാലിന്യപ്രശ്നങ്ങൾക്കു ശാശ്വത പരിഹാരമുണ്ടാക്കുകയും ശുചിത്വം ഉറപ്പുവരുത്തുകയുണ് ഈ പദ്ധതികൊണ്ടു ലക്ഷ്യമിടുന്നത്.

വിവിധ നഗരസഭകളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട എഞ്ചിനിയർമാരും ആരോഗ്യവിഭാഗം ഉദ്യോഗസ്ഥരുമാണ് പരിശീലനത്തിനെത്തിയത്. ജിസ്, ന്യൂദെൽഹിയിലെ സെന്റർ ഫോർ സയൻസ് ആന്റ് എൻവയർമെന്റ് (സി.എസ്.ഇ) കേന്ദ്ര നഗരാസൂത്രണ മന്ത്രാലയം, കില എന്നിവർ സംയുക്തമായാണ് പരിശീലനം നൽകിയത്.



തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്കുള്ള അന്താരാഷ്ട്രസമ്മേളനത്തിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്ത് അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് കില ഡയറക്ടർ **ഡോ.പി.പി.ബാലൻ** പ്രബന്ധം അവതരിപ്പിച്ച് സംസാരിക്കുന്നു.

ഫിലിപ്പൈൻസിലെ ദിലിമനിൽ ജൂലൈ 28 മുതൽ 30 വരെയായിരുന്നു സമ്മേളനം. ന്യൂഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന ലോക്കൽ ഗവേണൻസ് ഇനിഷ്യേറ്റീവ് ആന്റ് നെറ്റ് വർക്ക് (ലോഗിൻ) ധാക്കയിലെ സെന്റർ ഫോർ ഇന്റഗ്രേറ്റഡ് റൂറൽ ഡെവലപ്പ്മെന്റ് ഫോർ ഏഷ്യ ആന്റ് ഫെസഫിക്ക് (സി.ഐ.ആർ.ഡി.എ.പി) ഫിലിപ്പൈൻസിലെ നാഷ്ണൽ കോളേജ് ഓഫ് പബ്ലിക്ക് അഡ്മിനിസ്ട്രേഷൻ ആന്റ് ഗവേണൻസ് എന്നിവ സംയുക്തമായാണ് സമ്മേളനം സംഘടിപ്പിച്ചത്.




തദ്ദേശഭരണം ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച രണ്ടുദിവസത്തെ കൂടിയാലോചന ശിൽപ്പശാല കില ഡയറക്ടർ **ഡോ.പി.പി.ബാലൻ** ഉദ്ഘാടനം ചെയ്യുന്നു

## പട്ടികജാതി വിഭാഗങ്ങൾക്കുള്ള സഹായധനം വർദ്ധിപ്പിച്ചു

**പട്ടികജാതി** വിഭാഗങ്ങൾക്കു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നു നൽകിവരുന്ന ധനസഹായങ്ങൾ വർദ്ധിപ്പിച്ച് ഉത്തരവായി. പട്ടികജാതി വിഭാഗങ്ങൾക്കു വിദേശത്തു തൊഴിൽ ലഭിക്കുന്നതിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 10,000/-രൂപയും ടിക്കറ്റ് ചാർജും നൽകുന്നതിനു പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിരുന്നതു വർദ്ധിപ്പിച്ച് ആകെ 50,000/- രൂപ നൽകാനാണ് ഉത്തരവായിട്ടുള്ളത്.19.6.2015 ലെ സ.ഉ.(ആർ.ടി.)1827/15 തസ്വഭവ നമ്പർ ഉത്തരവു പ്രകാരമാണ്. ഇപ്രകാരം വർദ്ധിപ്പിച്ചിട്ടുള്ളത്. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കു ഭവനനിർമ്മാണത്തിനായി നൽകിവരുന്ന ധനസഹായം മൂന്നുലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും അതു ഐ.എ.വൈ പദ്ധതിയിലും ബാധകമാക്കി ഉത്തരവാവുകയും ചെയ്തു. ഇതിലേക്കു പട്ടികജാതി വിഭാഗത്തിലെ യൂണിറ്റ് കോസ്റ്റ് വർദ്ധന ഒരു ലക്ഷം രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിന്റെ യൂണിറ്റ് കോസ്റ്റ് വർദ്ധന 50,000/- രൂപയും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾ വഹിക്കുന്നതായിരിക്കും. ഇതിനായി 17.7.2015 ൽ സ.ഉ. (സാധാ)2174/15 തസ്വഭവ നമ്പർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.



കിലയിൽ ചേർന്ന കേരളാ പഞ്ചായത്ത് അസോസിയേഷൻ ജില്ലാ ജനറൽബോഡി യോഗം സംസ്ഥാന പ്രസിഡന്റ് **പി.ടി. മാത്യു** ഉദ്ഘാടനം ചെയ്യുന്നു

# തദ്ദേശഭരണ തെരഞ്ഞെടുപ്പ്: പത്രിക സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**രാഷ്ട്രീയപാർട്ടികൾ പരസ്പരം വിമർശിക്കുമ്പോൾ അതു അവരുടെ നയങ്ങളേയും പരിപാടികളേയും പൂർവകാലപ്രവർത്തനങ്ങളേയും കുറിച്ചു മാത്രമായിരിക്കണം. വ്യക്തികളുടെ സ്വകാര്യജീവിതത്തിന്റെ വശങ്ങളെക്കുറിച്ച് സ്ഥാനാർത്ഥികളോ രാഷ്ട്രീയപാർട്ടികളോ വിമർശിക്കകയോ ജാതിയുടേയും മതത്തിന്റെയും പേരിൽ വോട്ടുചോദിക്കുകയോ ആരാധാനാലയങ്ങൾ തെരഞ്ഞെടുപ്പു പ്രചാരണത്തിന്റെ വേദികളാക്കുകയോ ചെയ്യാൻ പാടില്ല.**

**ആ**സന്നമായ തദ്ദേശഭരണതെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ആഗ്രഹിക്കുന്നവർ പത്രിക സമർപ്പിക്കുമ്പോൾ ചില കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പു വിജ്ഞാപനം പുറപ്പെടുവിക്കുന്ന അന്നുമുതൽ നിശ്ചിത തീയതിക്കുള്ളിൽ ഫോറം രണ്ടിൽ നാമനിർദ്ദേശപത്രിക സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിച്ചാൽ വരണാധികാരി സൗജന്യമായി നാമനിർദ്ദേശപത്രിക നൽകുന്നതാണ്. പത്രിക സമർപ്പിക്കുന്നതിനോ പിൻവലിക്കുന്നതിനോ നിശ്ചയിച്ച തീയതി പൊതു അവധിയായി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത ദിവസം അതു സമർപ്പിക്കാവുന്നതാണ്. നാമനിർദ്ദേശപത്രിക വരണാധികരിയുടേയോ അദ്ദേഹം ഇല്ലെങ്കിൽ അസിസ്റ്റന്റ് വരണാധികരിയുടേയോ മുമ്പാകെ നേരിട്ട് നോട്ടീസിൽ പറഞ്ഞിട്ടുള്ള സ്ഥലത്തു രാവിലെ 11 മണിക്കും ഉച്ചതിരിഞ്ഞ് 3 മണിക്കും ഇടയ്ക്കാണ് സമർപ്പിക്കേണ്ടത്.മറ്റൊരു സ്ഥലത്തും സമയത്തും പത്രിക സമർപ്പിക്കാവുന്നതല്ല. പത്രിക സമർപ്പിച്ചാൽ അതിൽ നമ്പരിട്ട് പത്രിക സമർപ്പിച്ച തീയതിയും സമയവും രേഖപ്പെടുത്തി വരണാധികാരി കൈപ്പറ്റ് രസീത് നൽകും. വരണാധികാരി ഇപ്രകാരമുള്ള ഒരു സാക്ഷ്യപത്രം നാമനിർദ്ദേശപത്രികയോടൊപ്പം വയ്ക്കുന്നതാണ്. ഓരോ ദിവസവും പത്രിക സമർപ്പിച്ചവരുടെ ലിസ്റ്റ് മൂന്നാം നമ്പർ ഫോറത്തിൽ വരണാധികാരി പ്രസിദ്ധീകരിക്കും. നാമനിർദ്ദേശപത്രിക സമർപ്പിക്കുമ്പോൾ തന്നെ വരണാധികാരി പ്രാഥമിക പരിശോധന നടത്തേണ്ടതും തെററുകളും പിശകുകളും തിരുത്താൻ അനുവദിക്കേണ്ടതുമാണ്.

തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ ഏതെങ്കിലും ഒരു വാർഡിലേക്കു നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ആൾ അതേ തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ മറ്റൊരു വാർഡിലേക്കു നാമനിർദ്ദേശം ചെയ്യാൻ പാടുള്ളതല്ല. ഒരാൾ ഒരു വാർഡിൽ മാത്രമേ മത്സരിക്കാൻ പാടുള്ളൂ. മത്സരിക്കുന്ന ആൾ ആ തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ ഏതെങ്കിലും വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടുള്ള ആളായിരിക്കണം. അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്യുന്ന ആൾ ആ നിയോജകമണ്ഡലത്തിലെ(വാർഡിലെ) വോട്ടർ പട്ടികയിൽ പേരുള്ള വോട്ടറായിരിക്കണം. ഒരാൽ ഒന്നിലധികം പേരെ നാമനിർദ്ദേശം ചെയ്യാൻ പാടില്ല. ഒരു സ്ഥാനാർത്ഥിക്കുവേണ്ടി പരമാവധി മൂന്നു നാമനിർദ്ദേശ പത്രികവരെ സമർപ്പിക്കാവുന്നതാണ്. സ്ഥാനാർത്ഥി വരണാധികാരി മുമ്പാകെ പഞ്ചായത്ത് രാജ് ആക്ട് പട്ടിക 1 ൽ (മുനിസിപ്പൽ ആകട് പട്ടിക 2 ൽ) കൊടുത്തിട്ടുള്ള ഫോറത്തിൽ സത്യപ്രതിജ്ഞ ചെയ്യേണ്ടതാണ്.

നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന ഓരോ സ്ഥാനാർത്ഥിയും പത്രികയോടൊപ്പം ഫോറം 2 എ യിൽ അയാളുടെ വിദ്യാഭ്യാസയോഗ്യത,ക്രിമിനൽ കേസ്സുകൾ സംബന്ധിച്ചുള്ള വിവരം, സ്വത്തുവിവരം, സർക്കാരിലോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലോ എന്തെങ്കിലും കുടിശ്ശികയുണ്ടെങ്കിൽ ആ വിവരം, ബാദ്ധ്യത സംബന്ധിച്ച വിവരം, തെരഞ്ഞെടുപ്പു കമ്മീഷൻ അയോഗ്യത കൽപ്പിച്ചിട്ടുണ്ടോ എന്ന വിവരം എന്നിവ നൽകേണ്ടതാണ്. ഈ വിവരങ്ങൾ പരസ്യപ്പെടുത്തേണ്ടതുമാണ്.

പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ, വനിതകൾക്കോ സംവരണം ചെയ്തിട്ടുള്ള നിയോജകമണ്ഡലത്തിൽ ആ വിഭാഗക്കാർക്കു മാത്രമേ പത്രിക സമർപ്പിക്കാൻ പാടുള്ളൂ പട്ടികജാതി/പട്ടികവർഗ്ഗ സംവരണസീറ്റിലേക്കു മത്സരിക്കുന്നവർ പത്രികയോടൊപ്പം ആധികാരികതയുള്ള ഉദ്യോഗസ്ഥൻ നൽകിയ ജാതിസാക്ഷ്യപത്രം കൂടി സമർപ്പിക്കണം. സർവീസിൽനിന്നു പിരിച്ചുവിട്ട ഉദ്യോഗസ്ഥനാണെങ്കിൽ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ നൽകിയ സാക്ഷ്യപത്രം കൂടി ഹാജരാക്കണം.

ഗ്രാമപഞ്ചായത്തിലേക്കു മത്സരിക്കുന്നവർ 1000/- രൂപയും ബ്ലോക്ക് പഞ്ചായത്തിലേക്കു മത്സരിക്കുന്നവർ 2000/-രൂപയും ജില്ലാപഞ്ചായത്തിലേക്കു 3000/-രൂപയും മുനിസിപ്പാലിറ്റിയിലേക്കു 2000/- രുപയും മുനിസിപ്പൽ കോർപ്പറേഷനിലേക്കു മത്സരിക്കുന്നവർ 3000/- രൂപയും നിക്ഷേപത്തുകയായി കെട്ടിവയ്ക്കേണ്ടതാണ്. പട്ടികജാതി വിഭാഗക്കാർക്കു ഇതിന്റെ അമ്പതുശതമാനം തുക കെട്ടിവച്ചാൽ മതിയാകും. ഒരു സ്ഥാനാർത്ഥി ഒന്നിലധികം പത്രിക സമർപ്പിച്ചാലും നിക്ഷേപത്തുക ഒരെണ്ണത്തിനുമാത്രം മതിയാകും.

സ്ഥാനാർത്ഥിത്വത്തിനുള്ള യോഗ്യതകളെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചിരുന്നു.

**വിവിധ ജാതികളും സമുദായങ്ങളും തമ്മിൽ മതപരമോ ഭാഷാപരമോ ആയ സംഘർങ്ങൾ ഉണ്ടാക്കുന്ന ഒരു പ്രവർത്തനവും രാഷ്ട്രീയ പാർട്ടികളോ സ്ഥാനാർത്ഥികളോ ഏർപ്പെടാൻ പാടില്ല. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതായി തെളിഞ്ഞാൽ മൂന്നുവർഷംവരെ തടവോ പതിനായിരം രൂപ വരെ പിഴയോ ശിക്ഷയായി ലഭിക്കാവുന്നതാണ്. കേരള പഞ്ചായത്ത്രാജ്ആക്ടിൽ 121-ാം വകുപ്പിലും കേരള മുനിസിപ്പൽ ആക്ടിൽ 145-ാം വകുപ്പിലും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.**

നാമനിർദ്ദേശപത്രിക സൂക്ഷ്മപരിശോധന നടത്തുന്നതിനു നിശ്ചയിക്കപ്പെട്ട തീയതിയിലും സമയത്തും സ്ഥാനാർത്ഥിക്കും സ്ഥാനാർത്ഥിയുടെ ഏജന്റിനും സ്ഥാനാർത്ഥി ചുമതലപ്പെടുത്തുന്ന ഒരാൾക്കും ഹാജരാകാവുന്നതും പരിശോധനയിൽ പങ്കെടുക്കാവുന്നതുമാണ്. സൂക്ഷ്മപരിശോധന കഴിഞ്ഞാൽ അംഗീകരിച്ച സ്ഥാനാർത്ഥികളുടെ ലിസ്റ്റ് 4-ാം നമ്പർ ഫോറത്തിൽ പ്രസിദ്ധീകരിക്കും.

സ്ഥാനാർത്ഥിത്വം പിൻവലിക്കാൻ ആഗ്രഹിക്കുന്നവർക്കു ഫോറം 5-ൽ തയ്യാറാക്കിയ നോട്ടീസ് പ്രകാരം സ്ഥാനാർത്ഥിത്വം പിൻവലിക്കാവുന്നതാണ്. സ്ഥാനാർത്ഥിയോ സ്ഥാനാർത്ഥി രേഖാമൂലം ചുമതലപ്പെടുത്തിയിട്ടുള്ള ഏജന്റോ വരണാധികാരി മുമ്പാകെ നേരിട്ടു ഹാജരായി നിശ്ചിത സമയത്തിനകം നോട്ടീസ് നൽകിയാലേ സ്ഥാനാർത്ഥിത്വം പിൻവലിക്കാൻ കഴിയുകയുള്ളൂ. സ്ഥാനാർത്ഥി എത്ര നാമനിർദ്ദേശപത്രിക സമർപ്പിച്ചിട്ടുണ്ടെങ്കിലും ഒരു അപേക്ഷ സ്ഥാനാർത്ഥി നൽകിയാൽ എല്ലാ അപേക്ഷകളും പിൻവലിച്ചതായി കണക്കാക്കാവുന്നതാണ്. സ്ഥാനാർത്ഥിത്വം പിൻവലിച്ചുകഴിഞ്ഞാൽ സാധുവായ സ്ഥാനാർത്ഥികളുടെ ലിസ്റ്റ് ഫോറം 6-ൽ വരണാധികാരി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതായിരിക്കും.

• • • •

## മാതൃകാപെരുമാറ്റച്ചട്ടങ്ങൾ

തെരഞ്ഞെടുപ്പു പ്രക്രിയ സുഗമവും നീതിപൂർവകവുമായി നടത്തുന്നതിനു തെരഞ്ഞെടുപ്പു കമ്മീഷൻ മാതൃകാപെരുമാറ്റച്ചട്ടം പുറപ്പെടുവിക്കാറുണ്ട്.തെരഞ്ഞെടുപ്പിനു മത്സരിക്കാൻ തയ്യാറെടുക്കുന്ന ജനപ്രതിനിധികളും രാഷ്ട്രീയപാർട്ടി നേതാക്കളും മറ്റു ബഹുജനങ്ങളും ഇക്കാര്യങ്ങൾ വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്. തെരഞ്ഞെടുപ്പുപ്രക്രിയ സമാധാനപരമായി നടത്തുന്നതിനു പെരുമാറ്റച്ചട്ടം പാലിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരുമാണ്. തെരഞ്ഞെടുപ്പുതീയതി കമ്മീഷൻ പ്രഖ്യാപിക്കുന്ന അന്നുമുതൽ മാതൃകാപെരുമാറ്റച്ചട്ടം നിലവിൽ വരും. ഈ ചട്ടമനുസരിച്ച് എല്ലാവരും പ്രവർത്തിക്കുന്നുണ്ടെന്നുറപ്പുവരുത്താൻ സംവിധാനങ്ങളും സ്റ്റാൻഡിംഗ് കമ്മിറ്റികളും എല്ലാ ജില്ലകളിലും രൂപീകരിക്കുന്നതാണ്.

- വിവിധ ജാതികളും സമുദായങ്ങളും തമ്മിൽ മതപരമോ ഭാഷാപരമോ ആയ സംഘർങ്ങൾ ഉണ്ടാക്കുന്ന ഒരു പ്രവർത്തനവും രാഷ്ട്രീയപാർട്ടികളോ സ്ഥാനാർത്ഥികളോ ഏർപ്പെടാൻ പാടില്ല. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതായി തെളിഞ്ഞാൽ മൂന്നു വർഷം വരെ തടവോ പതിനായിരം രൂപ വരെ പിഴയോ ശിക്ഷയായി ലഭിക്കാവുന്നതാണ്.കേരള പഞ്ചായത്ത് രാജ് ആക്ടിൽ 121-ാം വകുപ്പിലും കേരള മുനിസിപ്പൽ ആക്ടിൽ 145-ാം വകുപ്പിലും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.
- രാഷ്ട്രീയപാർട്ടികൾ പരസ്പരം വിമർശിക്കുമ്പോൾ അതു അവരുടെ നയങ്ങളേയും പരിപാടികളേയും പൂർവകാലപ്രവർത്തനങ്ങളേയും കുറിച്ചു മാത്രമായിരിക്കണം. വ്യക്തികളുടെ സ്വകാര്യജീവിതത്തിന്റെ വശങ്ങളെക്കുറിച്ച് സ്ഥാനാർത്ഥികളോ രാഷ്ട്രീയപാർട്ടികളോ വിമർശിക്കകയോ ജാതിയുടേയും മതത്തിന്റെയും പേരിൽ വോട്ടുചോദിക്കുകയോ ആരാധാനാലയങ്ങൾ തെരഞ്ഞെടുപ്പുപ്രചാരണത്തന്റെ വേദികളാക്കുകയോ ചെയ്യാൻ പാടില്ല.
- സമ്മതിദായകരെ ഭീഷണിപ്പെടുത്തുക, കൈക്കൂലി നൽകുക, ആൾമാറാട്ടം നടത്തുക തുടങ്ങിയവ പാടില്ല.
- പഞ്ചായത്തിൽ പോളിംഗ് സ്റ്റേഷന്റെ 200 മീറ്ററിനുള്ളിലും മുനിസിപ്പാലിറ്റിയിൽ 100 മീറ്ററിനുള്ളിലും പൊതുയോഗം നടത്താൻ പാടില്ല.
- വോട്ടെടുപ്പു അവസാനിക്കുന്നതിനു നിശ്ചയിച്ച സമയത്തിനു തൊട്ടുമുമ്പുള്ള 48 മണിക്കൂർ സമയത്ത് പൊതുയോഗം നടത്താൻ പാടില്ല.
- പോളിംഗ് സ്റ്റേഷനിലേക്കും അവിടെനിന്ന് തിരിച്ചും സമ്മതിദായകരെ വാഹനത്തിൽ കൊണ്ടുപോകാൻ പാടില്ല.
- വ്യക്തികളുടെ അഭിപ്രായങ്ങളിലും പ്രവർത്തനങ്ങളിലും പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി അവരുടെ വീടിനുമുന്നിൽ പ്രകടനങ്ങൾ സംഘടിപ്പിക്കുക, പിക്കറ്റ് ചെയ്യുക എന്നീ കാര്യങ്ങൾ ഒരിക്കലും പാടില്ല.
- സർക്കാർ-പൊതുമേഖലാ ഓഫീസുകളിലും അവയുടെ കോമ്പൗണ്ടുകളിലും പരസ്യങ്ങൾ പതിക്കുകയോ എഴുതുകയോ പാടില്ല.
- ഒരു വ്യക്തിയുടെ സ്ഥലം, മതിൽ, കെട്ടിടം തുടങ്ങിയവ ആ വ്യക്തിയുടെ അനുവാദം കൂടാതെ പരസ്യം പതിക്കുകയോ എഴുതുകയോ തോരണങ്ങളും ബാനറുകളും കൊടികളും കെട്ടുകയോ, മുദ്രാവാക്യങ്ങൾ എഴുതുകയോ ചെയ്യാൻ പാടില്ല.
- പൊതുജനങ്ങൾക്കോ വാഹനഗതാഗതത്തിനോ ശല്യമോ അസൗകര്യമോ ഉണ്ടാക്കുന്ന രീതിയിൽ പ്രചാരണ ഉപാധികൾ സ്ഥാപിക്കാൻ പാടില്ല.
- മേൽപറഞ്ഞ നിബന്ധനകൾക്കു വിരുദ്ധമായി സ്ഥാപിച്ച പ്രചാരണ ഉപാധികൾ തെരഞ്ഞെടുപ്പു ഉദ്യോഗസ്ഥർ നീക്കം ചെയ്യുന്നതും അതിനുവേണ്ടിവരുന്ന ചെലവ് ബന്ധപ്പെട്ട സ്ഥാനാർത്ഥിയുടെ തെരഞ്ഞെടുപ്പു ചെലവിനോടു ചേർക്കുന്നതുമാണ്.
- തെരഞ്ഞെടുപ്പുയോഗങ്ങൾ സംബന്ധിച്ച സ്ഥലവും സമയവും സ്ഥലത്തെ പോലീസ് അധികരികളെ മുൻകൂട്ടി അറിയിക്കണം. ഒരു പാർട്ടിയുടെ യോഗം നടന്നുകൊണ്ടിരിക്കുന്ന സ്ഥലത്തുകൂടി മറ്റൊരു പാർട്ടിയുടെ ജാഥ നടത്തുവാൻ പാടില്ല. ഗതാഗത തടസ്സം ഉണ്ടാകാത്ത രീതിയിലായിരിക്കണം ജാഥ നടത്തേണ്ടത്. ജാഥ നടത്തുന്നതു സംബന്ധച്ച നിരോധന ഉത്തരവുകളും നിയന്ത്രണങ്ങളും പാലിക്കേണ്ടതാണ്..
- തെരഞ്ഞെടുപ്പു വിജ്ഞാപനം വന്നുകഴിഞ്ഞാൽ പിന്നീട് ജനപ്രതിനിധികളോ ഉദ്യോഗസ്ഥരോ പുതിയ ധനസഹായങ്ങൾ അനുവദിക്കുകയോ പ്രഖ്യാപനങ്ങൾ നടത്തുകയോ ചെയ്യാൻ പാടില്ല. ഗുണഭോക്താക്കളേയും തെരഞ്ഞെടുക്കാൻ പാടില്ല. പുതിയ പദ്ധതികളുടെ ഉദ്ഘാടനങ്ങളും നടത്താൻ പാടില്ല.
- മേൽക്കാണിച്ച കാര്യങ്ങൾ കൂടാതെ തെരഞ്ഞെടുപ്പുകമ്മീഷൻ അതതു സമയത്തു പുറപ്പെടുവിക്കുന്ന നിബന്ധനകൾ കൂടി പാലിക്കാൻ സ്ഥാനാർത്ഥികളും രാഷ്ട്രീയ പ്രതിനിധികളും ഉദ്യോഗസ്ഥരും ബാദ്ധ്യസ്ഥരായിരിക്കും.

അച്ചടക്കത്തോടെയും സമാധാനപരമായും തെരഞ്ഞെടുപ്പു പ്രക്രിയകൾ പൂർത്തീകരിക്കുവാൻ ഈ നിബന്ധനകൾ പാലിക്കേണ്ടത് ആവശ്യമാണ്.

**വി.ജി.ശശിധരൻ,തത്തപ്പിള്ളി**
ഹെൽപ്പ് ഡെസ്ക്, കില

## ചോദിക്കൂ പറയാം

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഇരുപതു വർഷത്തെ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്.എന്നാൽ അതിനുള്ള ഫണ്ട് ചെലവുചെയ്യുന്നതിനുള്ള ഉത്തരവു വല്ലതും ഉണ്ടോ?

● ഉത്തരവുണ്ട്. 1,10,000 രൂപ പദ്ധതിവിഹിതത്തിൽ നിന്നോ തനതുഫണ്ടിൽ നിന്നോ ചെലവു ചെയ്യാവുന്നതാണ്.ഉത്തരവു നമ്പർ (സ.ഉ.(ആർ.ടി) 2133/2015 ത സ്വ ഭ വ തീയതി 14.7.2015) ഉത്തരവ് കിലയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

? വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം ഒരു വിധവയുടെ എത്ര പെൺകുട്ടികൾക്കു നൽകാം?

● അർഹരായ വിധവകളാണെങ്കിൽ എത്ര പെൺകുട്ടികളാണെങ്കിലും നൽകാം. എന്നാൽ ഒരു പെൺകുട്ടിക്കു ഒരു പ്രാവശ്യം മാത്രമേ നൽകാൻ പാടുള്ളൂ.

? രണ്ടുകോടിയിൽപരം രൂപയുടെ നിർമ്മാണപ്രവർത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കൺസൽട്ടൻസിയെ വയ്ക്കാൻ വ്യവസ്ഥയുണ്ടോ?

● സ്വകാര്യ കൺസൽട്ടൻസിയെ വയ്ക്കാൻ വ്യവസ്ഥയുണ്ട്. (സ.ഉ. (സാധാ)2049/14 തസ്വഭവ.7.8.2014 നമ്പർ ഉത്തരവ് കാണുക.)

? കാരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസി.എഞ്ചിനിയർ, ഓവർസിയർ എന്നിവർക്കു എത്ര രൂപ വീതം ഓണറേറിയം നൽകാം?

● എഞ്ചിനിയറോ ഓവർസിയറോ ഇല്ലാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ താൽക്കാലികമായി കരാർ വ്യവസ്ഥയിൽ എഞ്ചിനിയർമാരെ നിയമിക്കാവുന്നതാണ്. അപ്രകാരം നിയമിക്കുന്നവർക്കു പ്രതിമാസം എഞ്ചിനിയർക്കു 30,000/- രൂപയും ഓവർസിയർക്കു 20,000/- രൂപയും നൽകാൻ അനുവാദം നൽകിയിട്ടുണ്ട്.(ഉത്തരവ്. സ.ഉ(സാധാ)2282/2015 തസ്വഭവ തീയതി 25.7.15)

? 2015 ഫെബ്രുവരി മുതൽ വാർദ്ധക്യകാല പെൻഷൻ കുടിശ്ശികയുണ്ട്. എന്നാൽ ഏപ്രിൽ മാസത്തെ തുക മാത്രം അക്കൗണ്ടിലേക്കു അയച്ചുകിട്ടി. ബാക്കി കുടിശ്ശിക ലഭിക്കാൻ എന്തു ചെയ്യണം.

## ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097

● സാമൂഹ്യസുരക്ഷാപെൻഷൻ ഡി.ബി.റ്റി സമ്പ്രദായത്തിൽ സർക്കാർ നേരിട്ട് അവരുടെ അക്കൗണ്ടുകളിലേക്കു അയക്കുന്ന സമ്പ്രദായം തുടങ്ങിയിരിക്കുകയാണ്. അതനുസരിച്ചാണ് നിലവിലുള്ള എല്ലാവർക്കും അവരവരുടെ അക്കൗണ്ടിലേക്കു 2015 ഏപ്രിൽ മാസത്തെ തുക അയച്ചത്.2015 ആഗസ്റ്റ് മുതൽ ഇപ്രകാരം പൂർണതോതിൽ പെൻഷൻ വിതരണം ഡി.ബി.റ്റി സമ്പ്രദായത്തിൽ നേരിട്ട് അയക്കുകയാണ്. 2015 ഫെബ്രുവരി മുതൽ മേയ് വരെയുള്ള കാലയളവിൽ പെൻഷൻ ലഭിക്കേണ്ടവരുടെ പേരും അക്കൗണ്ട് നമ്പറും ആധാർ നമ്പറും മറ്റു വിവരങ്ങളും അതതു തദ്ദേശസ്ഥാപനങ്ങൾ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് അപ് ലോഡ് ചെയ്യേണ്ടതാണ്. നിലവിൽ ജീവിച്ചിരിക്കുന്നവരും അർഹതയുള്ളവരുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ അപ് ലോഡ് ചെയ്തുവെന്ന് ഉറപ്പാക്കിക്കഴിയുമ്പോൾ കുടിശ്ശികയുള്ള മുഴുവൻ പെൻഷൻ തുകയും അവരവരുടെ അക്കൗണ്ടിൽ ലഭിക്കുന്നതാണ്. (സർക്കുലർ നമ്പർ-ഡി.ബി.റ്റി 12651/2015 പഞ്ചായത്ത് ഡയറക്ടർ തീയതി 5.8.2015 കാണുക)

? സർക്കാർ ഉദ്യോഗസ്ഥർ ഓഫീസിൽന്ന് എത്ര ദൂരപരിധിക്കുള്ളിലാണ് താമസിക്കേണ്ടത്. അപ്രകാരം വല്ല നിയമവുമുണ്ടോ?

● സർക്കാർ ഉദ്യോഗസ്ഥർ ഓഫീസിൽനിന്നു 15 കിലോമീറ്ററിനുള്ളിൽ താമസിക്കണം. ഡോക്ടർമാർ എട്ടു കിലോമീറ്ററിനുള്ളിൽ താമസിക്കണം. (കോൺടാക്റ്റ് റൂൾ.സെ.93.എ)

? മൃഗങ്ങളെ വളർത്തുന്നതിനു ലൈസൻസ് എടുക്കേണ്ട ആവശ്യമുണ്ടോ?

● ഉണ്ട്. ഒരു നിശ്ചിത പരിധിയിൽ കൂടുതൽ മൃഗങ്ങളേയും പക്ഷികളേയും വളർത്തുന്നതിനു ലൈസൻസ് ആവശ്യമാണ്. അതുപോലെ പട്ടികളെ വളർത്തുന്നതിനും ലൈസൻസ് വേണം.(കേരള പഞ്ചായത്ത് രാജ് ലൈവ്സ്റ്റോക്ക് ചട്ടങ്ങൾ 2012 കാണുക)

## ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നു

ഗ്രാമപഞ്ചായത്തുകളിൽ വിവരങ്ങൾ നൽകുന്നതിനു ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകി. 2015-16 ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി കെൽട്രോണിൽനിന്ന് വ്യവസ്ഥകൾക്കു വിധേയമായി ഇൻഫർമേഷൻ കിയോസ്കുകൾ വാങ്ങി സ്ഥാപിക്കാൻ സർക്കാർ അനുവദിച്ച് ഉത്തരവായി. ഇതിനായി 1,28,000 രൂപ കെൽട്രോണിനു നൽകാം.കിയോസ്കുകൾ സ്ഥാപിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തീരുമാനമെടുത്താൽ കെൽട്രോണുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്. കരാറിൽ താഴെ പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തണം.

● കിയോസ്കുമായി ബന്ധപ്പെട്ട പരാതി രജിസ്ററർ ചെയ്തുകഴിഞ്ഞാൽ 24 മണിക്കൂറിനുള്ളിൽ അതു പരിഹരിക്കണം. അതിനു കഴിഞ്ഞില്ലെങ്കിൽ സ്റ്റാൻബൈ കിയോസ്കുകൾ സ്ഥാപിച്ചു നൽകണം. അപ്രകാരം ചെയ്തില്ലെങ്കിൽ കെൽട്രോൺ തദ്ദേശസ്വയംഭരണസ്ഥാപനത്തിനു നഷ്ടപരിഹാരം നൽകണം. ഇതിനായി ഏകീകൃത കരാർ വ്യവസ്ഥ ഇൻഫർമേഷൻ കേരളാമിഷൻ (ഐ.കെ.എം.) തയ്യാറാക്കി പഞ്ചായത്തുകൾക്കു നൽകും.

● കിയോസ്കു സ്ഥാപിച്ചുകഴിഞ്ഞാൽ ഒരാഴ്ചക്കകം കെൽട്രോണിനു തുക നൽകേണ്ടതാണ്.

● കിയോസ്കിന്റെ ഉപയോഗം സംബന്ധിച്ച് ആവശ്യമായ പരിശീലനം കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ പൊതുജനങ്ങൾക്കു നൽകണം.

● കിയോസ്ക് വിന്യസിക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയർ കുറ്റമററതാണെന്നു കിയോസ്ക് സ്ഥാപിക്കുന്നതിനുമുമ്പ് ഐ.കെ.എം. ഉറപ്പുവരുത്തേണ്ടതാണ്.

● ഇൻഫർമേഷൻ കിയോസ്കുകളുടെ പരിശോധന മൂന്നുമാസം കൂടുമ്പോൾ കെൽട്രോൺ നടത്തേണ്ടതാണ്.ഇക്കാര്യം ഐ.കെ.എം. ഉറപ്പുവരുത്തണം.( കൂടുതൽ വിവരങ്ങൾക്ക് സ.ഉ.(കൈ).241/2015.തസ്വഭവ.22.7.2015 കാണുക)



ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള വിജ്ഞാനവ്യാപന പരിപാടിയുമായി ബന്ധപ്പെട്ട് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്കു കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല കില ഡയറക്ടർ **ഡോ.പി.പി. ബാലൻ** ഉദ്ഘാടനം ചെയ്യുന്നു

## പ്രാദേശികഭരണം:ഹയർ സെക്കണ്ടറിസ്കൂൾ അധ്യാപകർക്കു കിലയിൽ പരിശീലനം

പ്രാദേശികഭരണത്തെക്കുറിച്ച് കുട്ടികൾക്കു അവബോധമുണ്ടാകണമെന്ന് കില ഡയറക്ടർ ഡോ.പി.പി. ബാലൻ അഭിപ്രായപ്പെട്ടു. ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള വിജ്ഞാനവ്യാപന പരിപാടിയുമായി ബന്ധപ്പെട്ട് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്കു വേണ്ടി കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗ്രാമസഭകളുടേയും പഞ്ചായത്തിലെ വിവധ വർക്കിംഗ് ഗ്രൂപ്പുകളുടേയും പ്രവർത്തനങ്ങൾ നിരിക്ഷിക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

യു.വി.ബാബുരാജ് അദ്ധ്യക്ഷത വഹിച്ചു. ട്രെയിനിംഗ് അസോസിയേറ്റ് പ്രതാപ്സിംഗ് സംസാരിച്ചു.പ്രാദേശിക ഭരണസംവിധാനത്തിൽ വിദ്യാർത്ഥികളുടെ പങ്കിനെക്കുറിച്ചുള്ള പരിശീലനപരിപാടി തെരഞ്ഞെടുക്കപ്പെട്ട ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടക്കുകയാണ്.

പരിശീലനത്തിനുവേണ്ടി കില തയ്യാറാക്കിയിട്ടുള്ള ഡി.വി.ഡി കൾ അതതു സ്കൂളികളിലേക്കു അയച്ചുകഴിഞ്ഞു. 67 സ്കൂളുകളിൽനിന്നുള്ള 70 ൽ പരം അധ്യാപകരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

## തദ്ദേശസ്ഥാപനങ്ങളിലെ തെരുവുവിളക്കുകളുടെ വിതരണവും പരിപാലനവും

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാവശ്യമായ തെരുവുവിളക്കുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും വിതരണവും പരിപാലനവും സംബന്ധിച്ച പരിഷ്ക്കരിച്ച ഉത്തരവ് പുറത്തിറങ്ങി. ഈ ഉത്തരവുപ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം,ഇടുക്കി, ആലപ്പുഴജില്ലകളിൽ എൽ.ഇ.ഡി ലാമ്പുകൾ വിതരണം ചെയ്യുന്നതിനുള്ള ചുമതല കെൽട്രോണിനാണ്.എൽ.ഇ.ഡി.ഒഴികെയുള്ള തെരുവുവിളക്ക് ഉപകരണങ്ങളുടെ വിതരണം, ഇൻസ്റ്റലേഷൻ, മെയിന്റനൻസ്, ഗാരണ്ടി നൽകൽ എന്നീ ചുമതലകൾ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസിനെയാണ് ഏൽപ്പിച്ചിട്ടുളളത്.

തൃശ്ശൂർ, എറണാകുളം ജില്ലകളിലെ എൽ.ഇ.ഡി. ബൾബുകളുടെ വിതരണവും പരിപാലനവും സംബന്ധിച്ച മുഴുവൻ പ്രവർത്തികളും പരീക്ഷണാർത്ഥം 26.5.2016 വരെ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസിനെ ഏൽപ്പിച്ചു.

മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട്, പാലക്കാട്, വയനാട്, തൃശ്ശൂർ ജില്ലകളിലെ തെരുവുവിളക്കുകളുടെ വിതരണവും പരിപാലനവും സംബന്ധിച്ച മുഴുൻ പ്രവർത്തികളും ക്രൂസിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായുള്ള ഉത്തരവ് 15.7.2015 ൽ സ.ഉ.(സാധാ)2134/2015. ത സ്വ ഭ വ നമ്പറായി പുറത്തിറക്കിയിട്ടുണ്ട്.

## കെട്ടിടനികുതിയടയ്ക്കാൻ മണലൂർ പഞ്ചായത്തിൽ ഓൺലൈൻ സംവിധാനം

മണലൂർ പഞ്ചായത്തിൽ കെട്ടിടനികുതിയടയ്ക്കാൻ ഓൺലൈൻ സംവിധാനമായി.ഓൺ ലൈനായി പണമടയ്ക്കാം. പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടേയും വിവരങ്ങൾ കംപ്യൂട്ടറൈസേഷൻ നടത്തുന്ന ജോലികൾ പൂർത്തിയായതായി പഞ്ചായത്ത് പ്രസിഡന്റ് കെ.വി.വിനോദും വൈസ് പ്രസിഡന്റ് സിജി മോഹൻദാസും അറിയിച്ചു. നികുതിക്കു പുറമെ ഓണർഷിപ്പ്, റസിഡൻഷ്യൽ, വിവാഹം, മരണം, ജനനം എന്നീ സർട്ടിഫിക്കറ്റുകളും ഓൺ ലൈനായി ലഭിക്കും. ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യമുള്ളവർക്കു സ്വന്തമായും മററുള്ളവർക്കു അക്ഷയകേന്ദ്രം വഴിയും സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

ജില്ലയിൽ ഇ-പേയ്മെന്റ് സംവിധാനം ഓൺലൈനായി നടപ്പിലാക്കുന്ന ആദ്യത്തെ പഞ്ചായത്താണ് മണലൂർ. ഇൻഫർമേഷൻ കേരളാമിഷനാണ് പദ്ധതിയുടെ സാങ്കേതികസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. www.taxlsg.kerala.gov.in എന്നതാണ് വിലാസം.



കിലയിലെത്തിയ ബംഗ്ലാദേശ് ഉദ്യോഗസ്ഥസംഘത്തെ കില ഡയറകർ
**ഡോ.പി.പി.ബാലൻ** അഭിസംബോധന ചെയ്യുന്നു

## ബംഗ്ല ാദേശ് ഉദ്യോഗസ്ഥസംഘം കിലയിൽ

**കേ**രളത്തിലെ പ്രാദേശികഭരണസംവിധാനത്തെക്കുറിച്ചും ആസൂത്രണ-നിർവഹണത്തെക്കുറിച്ചും ശിശുസൗഹൃദ പഞ്ചായത്തുകളെസംബന്ധിച്ചും പഠിക്കുന്നതിനു ബംഗ്ലാദേശിൽനിന്നുള്ള ഉന്നതതല ഉദ്യോഗസ്ഥസംഘം കിലയിലെത്തി. തോമസ് ജോർജിന്റെ നേതൃത്വത്തിലുള്ള ബംഗ്ലാദേശി യൂണിസെഫ് പ്രതിനിധികളും സംഘത്തോടൊപ്പമുണ്ട്. ഹിലാൽ ഉദിൻ അഹമ്മദ് നയിക്കുന്ന നാൽപ്പതംഗ ബംഗ്ലാദേശ് സംഘം നാലുദിവസം കിലയിൽ ചെലവഴിച്ചു.ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് കേന്ദ്ര പഞ്ചായത്ത് രാജ് സെക്രട്ടറി എസ്.എം.വിജയാനന്ദ് വീഡിയോ കോൺഫ്രൻസിലൂടെ പ്രതിനിധികളോടു സംസാരിച്ചു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ, ന്യൂദെൽഹിയിലെ യൂണിസെഫ് പ്രതിനിധി തേജീന്ദർ സന്ധു,ചെന്നൈ യൂണിസെഫിലെ ഡോ.അകില രാധാകൃഷ്ണൻ, കില ചൈൽഡ് റിസോഴ്സ് സെന്ററിലെ ഡോ.പീറ്റർ എം.രാജ്, എന്നിവർ സംസാരിച്ചു. പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ച് പ്രൊഫ.ടി.രാഘവനും വിഭവസമാഹരണത്തെക്കുറിച്ച് ഡോ.സണ്ണി ജോർജും അധികാരവികേന്ദ്രീകരണത്തെപററി ഡോ.എം.എൻ. റോയിയും ക്ലാസ്സെടുത്തു. സംഘാംഗങ്ങൾ മാള,അന്നമനട, കുഴൂർ ഗ്രാമപഞ്ചായത്തുകളും പഴയന്നൂർ, വടക്കാഞ്ചേരി, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തുകളും എറണാകുളം ജില്ലാ പഞ്ചായത്തും സന്ദർശിച്ച് അവിടത്തെ വികസനപ്രവർത്തനങ്ങളും ഭരണസംവിധാനവും നേരിൽ കണ്ട് വിലയിരുത്തി.

ബംഗ്ലാദേശിലെ ഇരുപതു ജില്ലകളിൽ പിന്നോക്കാവസ്ഥയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സർവതോന്മുഖമായ വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പരിശീലന പരിപാടിക്കാണ് തുടക്കം കുറിക്കുന്നത്.യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് അസിസ്റ്റൻസ് ഫ്രെയിംവർ (യു.എൻ.ഡി.എ.എഫ്)ക്കിന്റെ സഹകരണത്തോടെയാണ് പരിശീലന പരിപാടി.




പാലക്കാട് ജില്ലാപഞ്ചായത്തിനുവേണ്ടി തയ്യാറാക്കിയ വികസനപരിപ്രേക്ഷ്യരേഖയുടെ
പ്രകാശനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് **ടി.എൻ. കണ്ടമുത്തൻ** നിർവഹിക്കുന്നു

## പാലക്കാട് ജില്ലാ വികസന പരിപ്രേക്ഷ്യരേഖ പ്രകാശനം ചെയ്തു

**ബി.**ആർ.ജി.എഫ് പദ്ധതികൾ ഉൾപ്പെടുത്തി പാലക്കാട് ജില്ലാപഞ്ചായത്തിനുവേണ്ടി തയ്യാറാക്കിയ വികസനപരിപ്രേക്ഷ്യരേഖയുടെ പ്രകാശനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ. കണ്ടമുത്തൻ നിർവഹിച്ചു.പട്ടികജാതി വികസന പരിപ്രേക്ഷ്യരേഖയുടെ ആദ്യപതിപ്പ് ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ ഗൗരി ടീച്ചറും പട്ടികവികസന പരിപ്രേക്ഷ്യരേഖ പുതൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മരുതി സുരേഷും ഏറ്റുവാങ്ങി. ജില്ലാ പഞ്ചായത്ത് ചേംബറിൽ നടന്ന പ്രകാശന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ.ഇ ഹനീഫ അദ്ധ്യക്ഷത വഹിച്ചു. പരിപ്രേക്ഷ്യരേഖയുടെ പ്രസക്തിയെക്കുറിച്ച് കില ട്രെയിനിംഗ് അസോസിയേറ്റ് എ.എസ്. പ്രതാപ് സിംഗ് സംസാരിച്ചു. ജില്ലയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ഗ്രാമ-ജില്ലാപഞ്ചായത്ത് മെമ്പർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. കിലയും പാലക്കാട് ജില്ലാപഞ്ചായത്തും സംയുക്തമായാണ് രേഖ തയ്യാറാക്കിയത്.


KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O)
Thrissur-680581 (for private circulation only)